⇨ ഇത് എല്ലാവരും അറിഞ്ഞിരിക്കേണ്ടതും എല്ലാവർക്കും പാഠമാകേണ്ടതുമാണ് ⇨

# ഒരു പത്രസമ്മേളനത്തിന്റെ കഥ

സ്വതന്ത്ര ഗവേഷകനായ വി.ടി. പദ്മനാഭൻ കാതിക്കുടത്തെ മാലിന്യത്തെക്കുറിച്ച് നടത്തിയ പഠന വിവരങ്ങളുടെ സംക്ഷിപ്ത രൂപം ജനങ്ങളിലേക്കെത്തിക്കുന്നതിന് വേണ്ടി ആഗസ്റ്റ് 29 ന് തൃശൂർ പ്രസ് ക്ലബ്ബിൽ വച്ച് സംയുക്ത സമരസമിതിയുമായി ചേർന്ന് നടത്തിയ പത്രസമ്മേളനത്തിന്റെ ദുർഗതി.

**എസ്. നാരായണൻ**


**ആയിരക്കണക്കിന്** മനുഷ്യർ കുടിവെള്ളത്തിന് ആശ്രയിക്കുന്ന ജലസംഭരണിയിൽ കൊടും വിഷം കലക്കിയിട്ടുള്ളതായോ സംസ്ഥാനം മുഴുവൻ വിൽക്കപ്പെടുന്ന ധാന്യ ശേഖരത്തിൽ മരണകാരണമായ രോഗാണുക്കൾ കലർന്നിട്ടുള്ളതായോ കോളറ മൂലം കൂട്ടക്കുരുതി നടക്കാവുന്ന വിധം നഗരത്തിൽ സ്ഥിതിഗതികൾ സംജാതമായതായോ നിങ്ങൾക്ക് വിവരം കിട്ടിയെന്നിരിക്കട്ടെ. നിങ്ങൾ നേരിട്ടും ഫോണിലൂടെയും ആവുന്നത്ര ആളുകളെ ഈ അപകടാവസ്ഥ ബോധിപ്പിക്കുന്നു, വിവരം കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിന് വേണ്ടി തൃശൂർ പ്രസ്ക്ലബ്ബിൽ ചെന്ന് 1000 രൂപ അടച്ച് രശീതി എടുത്ത് ഒരു പത്രസമ്മേളനം നടത്തുന്നു. നിങ്ങൾക്കു കിട്ടിയ വിവരമെല്ലാം ഒരു മണിക്കൂർ സമയമെടുത്ത് അടച്ചിട്ടമുറിയിൽ ഇരുപതോളം പത്രക്കാരുടെ മുന്നിൽ അവതരിപ്പിക്കുന്നു. പിറ്റേന്നത്തെ പത്രത്തിൽ ഒരു വരിപോലും വരുന്നില്ല. അത് ഒരു പക്ഷേ നിങ്ങൾ അംഗീകരിച്ചേക്കും. നിങ്ങൾ പ്രസ്സ് ക്ലബ്ബിൽ നിന്ന് ഇറങ്ങുന്നതിനു മുമ്പ്, വിഷം കലക്കിയവനേയും രോഗാണുക്കൾ ചേർത്തവനേയും മാലിന്യം ഉണ്ടാക്കിവെച്ചവനേയും വിളിച്ച് തങ്ങൾക്ക് കിട്ടിയ വിവരം കൈമാറി ഈ വാർത്ത മുക്കിക്കളയാൻ ഒത്താശ ചെയ്തു കൊടുക്കുന്ന പത്രപ്രവർത്തനത്തെക്കുറിച്ച് നിങ്ങൾക്ക് വിശ്വസിക്കാനാകുമോ? പക്ഷേ, വിശ്വസിച്ചേ തീരൂ. കഴിഞ്ഞ ആഗസ്റ്റ് 29 ന് തൃശൂർ പ്രസ് ക്ലബ്ബിൽ നടന്നത് ഇതാണ്. ഇത് എല്ലാവരും അറിഞ്ഞിരിക്കേണ്ടതും എല്ലാവർക്കും പാഠമാകേണ്ടതുമാണ്.

ചാലക്കുടി പുഴയെ വിഷലിപ്തമാക്കുന്ന കാതിക്കുടത്തെ നിറ്റാ ജലാറ്റിൻ കമ്പനിക്കെതിരെയുള്ള സമരത്തിന് പിന്തുണ പ്രഖ്യാപിച്ച് തൃശൂരിൽ ഒരു ഐക്യദാർഢ്യ സമിതി രൂപീകരിച്ചിട്ടുണ്ട്. കേരളത്തിലെ മറ്റു ജില്ലകളിലുള്ള ഐക്യദാർഢ്യ സമിതികളുമായി ചേർന്ന് കാതിക്കുടത്തുവെച്ച് വിപുലമായ രീതിയിൽ ഒരു സംസ്ഥാനതല കൺവെൻഷൻ നടത്തുവാൻ അവർ തീരുമാനിച്ചു. 'കാതിക്കുടം കേരളമാണ്' എന്ന മുദ്രാവാക്യം ഉയർത്തി സെപ്തംബർ 1-ാം തിയ്യതി നടത്തുന്ന കൺവെൻഷന്റെ വിവരങ്ങളും, പ്രശസ്ത പരിസ്ഥിതി പ്രവർത്തകനും സ്വതന്ത്ര ഗവേഷകനുമായ വി.ടി. പദ്മനാഭൻ ഈയിടെ കാതിക്കുടത്തെ മാലിന്യത്തെക്കുറിച്ച് നടത്തിയ പഠന വിവരങ്ങളുടെ സംക്ഷിപ്ത രൂപവും ജനങ്ങളിലേക്കെത്തിക്കുന്നതിനു വേണ്ടി ആഗസ്റ്റ് 29 ന് തൃശൂർ പ്രസ് ക്ലബ്ബിൽ സംയുക്തസമരസമിതി പത്രസമ്മേളനം നടത്തി. ജനങ്ങ

ളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട ഞെട്ടിക്കുന്ന വെളിപ്പെടുത്തലുകൾ പൊതു സമൂഹത്തെ അറിയിക്കുന്നതിനു വേണ്ടി വി.ടി. പത്മനാഭൻ നേരിട്ടുതന്നെ എത്തിയിരുന്നു. കൂടാതെ സംയുക്ത സമരസമിതി ചെയർമാൻ അഡ്വ.തുഷാർ നിർമ്മൽ സാരഥി, കൺവീനർ യാമിനി പരമേശ്വരൻ, സി.ഐ. അജിതൻ, സുരേഷ്, സതീഷ് എന്നിവരും ഉണ്ടായിരുന്നു.

കാതിക്കുടം കമ്പനിയിലെ പ്രധാന അസംസ്കൃത വസ്തുവായ മൃഗങ്ങളുടെ അസ്ഥികളിൽ അടങ്ങിയ കോടിക്കണക്കിനുള്ള മൈക്രോ ഓർഗാനിസംസ് കിടന്ന് ചീഞ്ഞളിഞ്ഞുണ്ടാകുന്ന മലിനജലം ദിവസം 85 ലക്ഷം ലിറ്റർ, കമ്പനി ചാലക്കുടി പുഴയിലേക്ക് തള്ളുന്നതിന്റെ കണക്കുകളാണ് വി.ടി. പദ്മനാഭൻ അവതരിപ്പിച്ചത്. ഇത് കാതിക്കുടത്തെ മാത്രമല്ല, മദ്ധ്യ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഭീഷണിയാണെന്ന് പദ്മനാഭൻ തെളിവുകളോടെ വെളിപ്പെടുത്തി. ലെഡ്, കാഡ്മിയം, നിക്കൽ എന്നീ ആരോഗ്യത്തിന് ഹാനികരമായ ഘന ലോഹങ്ങൾ അടങ്ങിയ 35 ടൺ ഖരമാലിന്യം ജൈവവളം എന്ന പേരിൽ കമ്പനി നിയമവിരുദ്ധമായി നാട്ടിൽ വിറ്റഴിക്കുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു. പുഴയിലേക്ക് തള്ളുന്ന മലിനജലത്തേക്കാൾ ഹാനികരമാവുന്നത് ഈ വളം വില്പനയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. തലമുറകളോളം അത് മനുഷ്യരെ കഠിന രോഗങ്ങളിൽ തളച്ചിടും. കമ്പനി എവിടെയൊക്കെ ഇത് വില്ക്കുന്നുണ്ടെന്ന് അറിയില്ലെന്നും അതിന്റെ വ്യാപ്തി ആലോചിക്കാനാവില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇരുപതോളം പത്രപ്രവർത്തകർ അദ്ദേഹം പറയുന്നത് ജാഗരൂകരായി കേൾക്കുന്നുണ്ടായിരുന്നു. പത്രസമ്മേളനം, സംശയനിവാരണവും മറ്റുമായി ഏകദേശം ഒരു മണിക്കൂറോളം നീണ്ടുനിന്നു. കമ്പനി മാനേജ്മെന്റ് തൃശൂരിലുള്ള ഓരോ പത്ര ഓഫീസിലും കയറിയിറങ്ങുന്നതായി കുറച്ചു നേരത്തിനകം സമരസമിതിക്കാർക്ക് വിവരം ലഭിച്ചു. വിദേശ പണം പറ്റി കമ്പനിക്കെതിരെ ഗൂഢാലോചന നടത്തുകയാണെന്നും എല്ലാം തെറ്റായ വിവരങ്ങളാണെന്നുമാണത്രെ മാനേജ്മെന്റ് പത്ര ഓഫീസുകളിൽ കയറി പറഞ്ഞുകൊണ്ടിരുന്നത്. ഇടക്കിടെ ലക്ഷങ്ങൾ വാരിയെറിഞ്ഞ് പരസ്യം കൊടുക്കുന്ന കമ്പനിയുടെ ഭാഗത്തുതന്നെ നമ്മുടെ മുഖ്യ പത്രങ്ങളെല്ലാം നിന്നു. മാധ്യമം, മംഗളം, ജനയുഗം എന്നീ മൂന്നു പത്രങ്ങളിലൊഴികെ ഒറ്റ പത്രവും വി.ടി. പദ്മനാഭൻ പറഞ്ഞത് പ്രസിദ്ധപ്പെടു



വി.ടി. പദ്മനാഭൻ

ത്തിയില്ല. അതേ സമയം പ്രസ് ക്ലബ്ബിൽ നിന്നു തന്നെ കമ്പനി മാനേജ്മെന്റിന് വിവരം ചോർത്തിക്കൊടുക്കുകയും അവർക്ക് ഉടനടി രംഗത്തിറങ്ങി വാർത്ത മുക്കിക്കളയാൻ വേണ്ട സ്വാധീനം ചെലുത്താൻ അവസരം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തതായി കരുതേണ്ടിയിരിക്കുന്നു.

വി.ടി. പദ്മനാഭൻ പത്രസമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങളിൽ ഒരു വരിപോലും നമ്മുടെ മുഖ്യധാരാ പത്രങ്ങൾ കൊടുക്കാൻ തയ്യാറാകാതിരുന്നതുകൊണ്ട് അത് ഏതാണ്ട് പൂർണ്ണമായി തന്നെ ഇവിടെ എടുത്തെഴുതുകയാണ്.

“ഞാനിപ്പോൾ ഇവിടെ നിങ്ങളുടെ മുന്നിൽ പറയാൻ പോകുന്നത് കാതിക്കുടം കമ്പനിയെക്കുറിച്ച് ഇതുവരെ പ്രസിദ്ധീകരിക്കപ്പെടാത്തതും ഇതുവരെ നമ്മളൊന്നും മനസ്സിലാക്കാത്തതുമായ ചില കണക്കുകളും കാര്യങ്ങളുമാണ്. ആദ്യം ജലാറ്റിൻ എങ്ങിനെയാണ് ഉണ്ടാക്കുന്നത് എന്ന് പറയാം. ഇത് ഏതാണ്ട് പാലാഴി കടഞ്ഞിട്ട് ഉണ്ടാക്കിയ അമൃത് പോലുള്ള അത്യന്തം വില പിടിച്ച ഒരു സാധനമാണ്. ഇത് ഫൈവ്സ്റ്റാർ ഹോട്ടലിലൊക്കെ പോയാൽ കിട്ടുന്ന വില കൂടിയ ഐസ്ക്രീമിലൊക്കെ ചേർക്കുന്ന സാധനമാണ്. അമൃത് തന്നെയാണ്. ഈ അമൃത് ഉണ്ടാക്കുന്നത് പണ്ടൊക്കെ പശുവിന്റെ പാലിൽ നിന്നാണെങ്കിൽ ഇവിടെ പശുവിന്റെ എല്ലിൽ നിന്നാണ്. വളരെ വിഷമിച്ചാണ് നീറ്റാ ജലാറ്റിൻ കമ്പനി ഇന്ത്യയുടെ പല ഭാഗത്തുനിന്നും സൗത്ത് ഇന്ത്യയിൽ നിന്നും നോർത്ത് ഇന്ത്യയിൽ നിന്നും എല്ല് കൊണ്ടു

വരുന്നത്. ഏതാണ്ട് പതിനാറോളം ഏജൻസീസ് ആണ് അവർക്കിത് എത്തിക്കുന്നത്, അവരുടെ അഡ്രസ് ചോദിച്ചപ്പോൾ അതൊന്നും തരാൻ പറ്റില്ല എന്നാണ് കമ്പനി പറഞ്ഞത്. അത്രയും ഗോപ്യമായിട്ട് ഒരു വർഷം 41000 ടൺ എല്ലാണ് ഇവിടെ കൊണ്ടുവരുന്നത്. ഈ എല്ലിനോടൊപ്പം മാംസവും, മജ്ജയും, കൊഴുപ്പും ഉണ്ടാകും. എല്ല് എടുക്കുന്ന ഏജൻസികൾ നാടിന്റെ നാനാഭാഗത്ത് നിന്നും എല്ലുകൾ ശേഖരിച്ച് അവരുടെ സ്ഥലത്ത് കൊണ്ടുവന്ന് കൂട്ടിയിടും. കൂട്ടിയിടുന്ന സ്ഥലത്ത് ഈച്ച, പൂച്ച, എലി, പാറ്റ എന്നീ ജന്തുക്കളും അണുക്കളും ഒക്കെയുണ്ടാകും. ഒട്ടും വൃത്തിയില്ലാത്ത ഇടത്താണ് ഇത് കൊണ്ടിടുന്നത്. ഇത്തരം ഒരു സ്ഥലം 2007 ലും 2009 ലും യൂറോപ്യൻ കമ്മീഷന്റെ ഇൻസ്പെക്ടേഴ്സ് വന്ന് പരിശോധിച്ചിരുന്നു. അവിടെ ഈച്ചയും പൂച്ചയും എലിയുമൊക്കെയായി മലീമസമായിക്കിടക്കുന്ന കാര്യം അന്ന് അവർ റിപ്പോർട്ട് ചെയ്തിരുന്നു. ഇത്തരം സ്ഥലത്ത് വച്ച് പോപ്പ് കോൺ സൈസിലാക്കിയാണ് എല്ലുകൾ കാതിക്കുടത്തേക്ക് ചില ഏജൻസികൾ എത്തിക്കുന്നത്.

കാതിക്കുടത്തെ കമ്പനി കണക്കിൽ പറയുന്നതും പുസ്തകത്തിൽ പറയുന്നതുമായ രണ്ട് കാര്യങ്ങളുണ്ട്. ആരോഗ്യവാന്മാരും ആരോഗ്യവതികളുമായിട്ടുള്ള പശുക്കളെ കൊന്നിട്ടുള്ള (healthy slughtered animals) എല്ല് മാത്രമേ ഞങ്ങൾ ഉപയോഗിക്കൂ. രണ്ടാമത് ഇത് halal slughtered ആയിരിക്കും. ഇവരുടെ പ്രൊഡക്ട്സ് മുസ്ലീംകൾക്ക് കഴിക്കാൻ പറ്റുന്ന വിധത്തിൽ അവരുടെ മതാചാരപ്രകാരം ഹലാൽ ചെയ്തിട്ടുള്ള എല്ലിൽ നിന്നാണ് ഇതെടുക്കുന്നതത്രെ. ഇത് രണ്ടും വിശ്വസിക്കാൻ ബുദ്ധിമുട്ടാണ്. ഇത് ചെറിയ കാര്യങ്ങളാണ്. അതവിടെ നിൽക്കട്ടെ.

എല്ല് കൊണ്ടുവന്നിട്ട് വളരെ വിഷമിച്ചാണ് ഈ അമൃത് വേർതിരിച്ചെടുക്കുന്നത്. വരുമ്പോൾ തന്നെ എല്ലിന്റെ കൂടെ germs ഉണ്ടാകും. നമ്മുടെ ശരീരത്തിലുള്ളത് ട്രില്ല്യൻ കണക്കിന് സൂക്ഷമാണുക്കളാണ്. നമ്മുടെ ശരീരത്തിൽ വെളിയിൽ നിന്നും അടിഞ്ഞുകൂടിയിട്ടുള്ള സൂക്ഷ്മാണുക്കൾ ഇതിന്റെ ഇരട്ടി വരും. അതുപോലെത്തന്നെയാണ് ഇവിടെ എത്തുന്ന എല്ലിലും ഉണ്ടാകുക. എല്ലിനോടൊപ്പമുള്ളതും വെളിയിൽ നിന്ന് പറ്റിച്ചേർന്നതും. പശുവിനെ കൊന്ന സമയത്തും പശു ജീവിച്ചിരുന്ന സമയത്തും അതിന്റേതായ germs ഉം ബാക്ടീരിയകളും എല്ലിലുമുണ്ടാകും. കൂട്ടിയിട്ടിരിക്കുന്ന സമയത്ത് കാറ്റിൽ നിന്നും വെളിയിൽ നിന്നും നിലത്തുനിന്നും കേറിവരുന്നതും കാണും. പിന്നെ ചിതലും ഉറുമ്പും പാറ്റകളും വേറെയും ഉണ്ടാകും, ഇതെല്ലാം കഴുകാനാണ് പുഴയിൽ നിന്നും വെള്ളം എടുക്കുന്നത്.

എല്ലിൽ നിന്നും അമൃതെടുക്കുന്നത് വിദഗ്ദരായ തൊഴിലാളികളും ശാസ്ത്രജ്ഞരും ഒക്കെ ചേർന്നിട്ടാണ്. അതിനു വേണ്ടി ദിനം പ്രതി 123 ടൺ ഹൈഡ്രോക്ലോറിക് ആസിഡ് അവർ ഉപയോഗിക്കും. പിന്നെ 75 ടൺ ചുണ്ണാമ്പുകല്ല്. അത് രാജസ്ഥാനിൽ നിന്ന് കൊണ്ടുവരും. പുഴയിൽ നിന്നെടുക്കുന്നത് ഒരു ദിവസം ഒരു കോടി രണ്ട് ലക്ഷത്തി അമ്പതിനായിരം ലിറ്റർ വെള്ളമാണ്. ഇത് കുറച്ച് അങ്ങോട്ടും ഇങ്ങോട്ടും മാറാൻ സാദ്ധ്യതയുണ്ട്. പക്ഷേ അവർ ഈ വെള്ളമൊന്നും ഉപയോഗിക്കുന്നില്ല. എടുക്കുന്ന വെള്ളത്തിൽ 15 ലക്ഷം ലിറ്റർ നീരാവിയായി പോകും, കുറേ ലീക്കായും മറ്റും പോകും. ബാക്കി 85 ലക്ഷം ലിറ്റർ വെള്ളം പുഴയിലേക്ക് തള്ളും. പുഴയിലേക്ക് തള്ളുന്നത് അവർ എടുത്തമാതിരിയായിരിക്കില്ല. അത് കുറച്ചുകൂടി എൻറിച്ച് ചെയ്തിട്ടാണ്. അതിനകത്ത് 34 ടൺ ഖരമാലിന്യം ഉണ്ടാകും, എല്ലിനോടുകൂടെയുള്ള ചീഞ്ഞുതുടങ്ങിയ മാംസാവശിഷ്ടങ്ങളും രണ്ടോ മൂന്നോ മാസം പഴക്കമുള്ള germs ഉം പിന്നെ മൃഗങ്ങളുടെ കാഷ്ടങ്ങളും ഒക്കെ അതിനകത്തുണ്ടാകും.

130 ടൺ അനിമൽ ബോൺ ഉപയോഗിച്ചിട്ട് 60–70–80 ടൺ മാർക്കറ്റബിൾ ലീഗലി പ്രോഡക്ട്സ് ഉണ്ടാക്കും. ഒന്ന് ഒസീനാണ്, ഒന്ന് ജലാറ്റിൻ, പിന്നൊന്ന് ബൈകാൽസ്യം ഫോസ്ഫേറ്റ്. 70–80 ടൺ വരെ മാലിന്യം ഇവിടെ ഉണ്ടാകുന്നുണ്ട്. ജലാറ്റിൻ ആണ് ഞാൻ നേരത്തെ പറഞ്ഞ വിശിഷ്ടഭോജ്യമായ സാധനം. മിക്ക ഭക്ഷ്യവസ്തുക്കളിലും ഐസ്ക്രീമുകളിലും നമുക്ക് കിട്ടുന്ന 10 രൂപ 20 രൂപ ഐസ് ക്രീമിലില്ല, 50ഉം 100ഉം ഡോളർ കൊടുത്ത് കഴിക്കേണ്ടതരം ഐസ്ക്രീമുകളിൽ ഇതുണ്ട്. മറ്റുപല ഉപയോഗങ്ങളും ഈ ജലാറ്റിൻ കൊണ്ട് ഉണ്ട്.

ഇവിടെയുണ്ടാകുന്ന 70–80 ടൺ ഖരമാലിന്യത്തിൽ ഏതാണ്ട് പകുതിയോളവും പുഴയിലേക്ക് തള്ളിവിടുന്നുണ്ട് ഒരു ദിവസം. ബാക്കിയുള്ള 35 ടൺ ആണ് ഇവിടുത്തെ വലിയ പ്രശ്നം. അവർക്ക് ഒന്നും ചെയ്യാൻ പറ്റാത്ത ഈ 35 ടൺ ഖരമാലിന്യത്തെ കുറച്ചുകൂടി ലാഭകരമായി ഡിസ്പോസ് ചെയ്യാനുള്ള പലപല ടെക്നിക്കുകളും കമ്പനി സംഘടിപ്പിച്ചിട്ടുണ്ട്.

*⇨ ഈ സർട്ടിഫിക്കറ്റിന്റെ കാര്യമന്വേഷിച്ച് പോയിക്കഴിഞ്ഞാലാണ് മനസ്സിലാകുക ഇത് ലീഗലല്ല, വാല്യൂഡ് അല്ല എന്ന് ⇨*

വലിയ കുറേ ഗവേഷണങ്ങൾ നടത്തിയും കാർഷിക സർവ്വകലാശാലയുടേയും, കേരളത്തിലേയും തമിഴ്നാട്ടിലേയും ശാസ്ത്രജ്ഞരുടേയും, പൊലൂഷൻ കൺട്രോൾ ബോർഡ്, സർക്കാർ എന്നിവയുടെ സഹകരണത്തോടെയുമാണ് ഇതൊക്കെ നടക്കുന്നത്. അതിന്റെ ഭാഗമായിട്ട് ഓരോ ദിവസവും 15 മുതൽ 20ടൺ വരെ പല ആൾക്കാരുടെ വീടുകളിലും പാടങ്ങളിലും എത്തിച്ചിട്ടുണ്ട്. വീടുകളിലൊക്കെ ഉപയോഗിക്കുന്ന മത്സ്യങ്ങൾക്കുള്ള തീറ്റയായിട്ടും ഇതു പോകുന്നുണ്ട്. അതിനേക്കാളുമൊക്കെ അപകടം ജൈവവളം എന്ന പേരിൽ ഇത് വിൽക്കുന്നു എന്നതാണ്. ഇത് ജൈവവളമായിട്ട് വിൽക്കാനുള്ള നിയമപരമായ അനുമതിയൊന്നും ഇവരുടെ പക്കലില്ല. കുറേ കള്ളസർട്ടിഫിക്കറ്റ്

**എനിക്ക് ഇതിനകം മനസ്സിലായിട്ടുള്ളത് കമ്പനിയുടെ കൂടെ പലരും ഇവിടത്തെ ശാസ്ത്രജ്ഞന്മാരും ഇവിടത്തെ ബ്യൂറോക്രസിയും എഞ്ചിനീയർമാരും പ്രൊഫസർമാരും അങ്ങനെ നാനാതുറയിൽ വരുന്ന ആൾക്കാരും രാഷ്ട്രീയക്കാരും മന്ത്രിമാരും ഉൾപ്പെടുന്ന ഒരു വൻ കലാപരിപാടിയാണ് ഇവിടെ നടക്കുന്നത്. ഈ വൻ കലാപരിപാടി ഇവിടത്തെ പത്രപ്രവർത്തകരായ നിങ്ങൾ ആണ് തുറന്നുകാണിക്കേണ്ടത്.**

ഉണ്ടാക്കിയാണ് ഇതൊക്കെ ചെയ്യുന്നത്. ഇത് വളമാണ് ഉപയോഗിച്ചുകൊള്ളൂ എന്ന് പറയാനുള്ള അധികാരമൊന്നും ഏതെങ്കിലും കോളേജ് പ്രൊഫസർക്കോ വൈസ് ചാൻസലർക്കോ ഇല്ല. ഇതിനൊക്കെ ഇന്ത്യയിലെ ഭരണഘടനയനുസരിച്ച്, കേന്ദ്രഗവണ്മെന്റ് പാസ്സാക്കിയ നിയമമനുസരിച്ച് ചില സ്റ്റാറ്റ്യൂട്ടറി ഏജൻസികളുണ്ട്. അവിടെയൊന്നും ഇവർ സമീപിച്ചിട്ടില്ല. എളുപ്പത്തിൽ കാര്യങ്ങൾ നടത്താൻ വേണ്ടി കുറേ ലോക്കൽ ആൾക്കാരുടെ സർട്ടിഫിക്കറ്റുമായിട്ട് ഇറങ്ങിയിരിക്കയാണ്. ഈ സർട്ടിഫിക്കറ്റിന്റെ കാര്യമന്വേഷിച്ച് പോയിക്കഴിഞ്ഞാലാണ് മനസ്സിലാകുക ഇത് ലീഗലല്ല, വാല്യൂഡ് അല്ല എന്ന്.

ലെഡ്, കാഡ്മിയം, നിക്കൽ എന്നീ ഘനലോഹങ്ങളുടെ സാന്നിദ്ധ്യം ജൈവവളമെന്നു പറഞ്ഞു വിൽക്കുന്ന മാലിന്യത്തിൻ കണ്ടെത്തിയിട്ടുണ്ട്. മനുഷ്യ ശരീരത്തിൽ എത്തിയാൽ അത്യന്തം മാരകമായ വസ്തുക്കളാണ് ഇവ. ഈ മൂന്ന് സാധനങ്ങളെ പറ്റിയാണ് എന്റെ കയ്യിൽ ഡാറ്റയുള്ളത്. ഇതിനെ പറ്റിയാണ് ഞാൻ ഇപ്പോൾ പ്രധാനമായും പഠിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ഞാൻ ഡാറ്റ വെച്ചാണ് സംസാരിക്കുന്നത്.

കാതിക്കുടത്തുനിന്നുള്ള ജൈവവളം ഉപയോഗിച്ച് ഒരു സ്ഥലത്ത് കൃഷിചെയ്ത് ഉണ്ടാക്കിയ പച്ചക്കറിയിൽ ഒരു ഗ്രാമിൽ 1020 മൈക്രോഗ്രാം എന്ന അളവിൽ ലെഡ് കണ്ടെത്തുകയുണ്ടായി. അതായത് ഒരു കിലോഗ്രാമിൽ 1 ഗ്രാമിലധികം ലെഡ്. ലെഡ് എന്നു പറയുന്ന കാരീയം മനുഷ്യരിലായാലും മൃഗത്തിലായാലും ശരി അത്യന്തം ഹാനികരമായ ഒരു സാധനമാണ്. ഇത് ഏറ്റവും കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കുക കുട്ടികളിലാണ്. യൂറോപ്യൻ കമ്മീഷന്റെ ഒരു ശാസ്ത്രീയ കമ്മിറ്റിയുടെ കണക്കനുസരിച്ച് ഒരാഴ്ചയിൽ ഒരാളുടെ ഭക്ഷണത്തിൽ 3 മൈക്രോഗ്രാം ലെഡ് ചേരാമെന്നാണ്. നേരത്തെ കണ്ട പച്ചക്കറിയിൽ ഇതിന്റെ 3 ലക്ഷം ഇരട്ടി ലെഡ് ഉണ്ട്. പരിശോധിച്ചതിൽ കണ്ട മറ്റൊരു കാര്യം ചാണകത്തിനു പകരം ഈ വളം ഉപയോഗിച്ചു കഴിഞ്ഞാൽ വിളവിൽ കാര്യമായ വ്യത്യാസം കാണുന്നുണ്ട്. കാഡ്മിയമാണെങ്കിൽ ലെഡിനേക്കാൾ 3 ഇരട്ടി ടോക്സിക്കാണ്. നിക്കലും അതുപോലെ തന്നെ. മനുഷ്യന്റേയോ മൃഗത്തിന്റേയോ ശരീരത്തിനാവശ്യമില്ലാത്ത ഘനലോഹങ്ങളാണ് ഇവയൊക്കെ.

എല്ല് കഴുകുന്ന വെള്ളം പുഴയിലേക്ക് തള്ളുമ്പോൾ അതിൽ അനേകം മൈക്രോ ഓർഗാനിസംസ് ഇല്ലേ എന്ന ചോദ്യത്തിന് കമ്പനി പറയുന്ന ഉത്തരം ചൂടുവെള്ളത്തിലുള്ള ബാക്ടീരിയകളൊക്കെ ചത്തുപോകുമെന്നാണ്. ജലാറ്റിൻ എടുക്കുന്നത് ആദ്യം 62 ഡിഗ്രി സെന്റിഗ്രേഡിൽ ഊറ്റിയെടുത്തതിനു ശേഷം ചൂടു കൂട്ടി 70 ഡിഗ്രി സെന്റി ഗ്രേഡിൽ ചൂടാക്കും. പിന്നെ അത് കൂട്ടി 80 ആക്കും. 85 ആക്കും. അവസാനം ബോയിലിംഗ് പോയിന്റ് 100 ഡിഗ്രി സെന്റിഗ്രേഡ് വരെ ആസിഡ് അടങ്ങുന്ന വെള്ളം തിളപ്പിച്ചുകൊണ്ടാണ് ഈ പ്രൊഡക്ഷൻ നടക്കുന്നത്. ഇങ്ങനെ തിളപ്പിച്ചാൽ മൈക്രോ ഓർഗാനിസംസ് അവിടെ നിൽക്കില്ല എന്നാണ് കമ്പനി പറയുന്നത്. പക്ഷേ അതു ശരിയല്ല. ഇന്ത്യയിൽ തന്നെ ഇൻഡോറിലുള്ള ഒരു ജലാറ്റിൻ ഫാക്ടറിയിൽ നിന്ന് ജലാറ്റിൻ ഉണ്ടാക്കുന്നതിന്റെ പല ഘട്ടങ്ങളിലുള്ള പ്രോഡക്ട്സ് അന്വേഷിച്ച് ചെന്നപ്പോൾ സാൽമൊണാലെ ഇകോളി എന്ന ബാക്ടീരിയകളെ അതിനകത്ത് കണ്ടെത്തിയിട്ടുണ്ട്. ഈ സാൽമൊണാലെ എന്നു പറയുന്നത് മനുഷ്യന് രോഗങ്ങൾ ഉണ്ടാക്കുന്ന ഒരു ബാക്ടീരിയയാണ്. ബെൽജിയത്തിലുള്ള രണ്ട് ശാ

സ്ത്രജ്ഞന്മാർ ബെൽജിയം, ഫ്രാൻസ്, ഇറ്റലി എന്നീ രാജ്യങ്ങളിൽ നിന്ന് ശേഖരിച്ച ജലാറ്റിൻ സാമ്പിളിൽ തന്നെ അതുവരെ കണ്ടുപിടിക്കപ്പെടാത്ത 4 ബാക്ടീരിയകളെ ഐഡന്റിഫൈ ചെയ്തിട്ടുണ്ട്. നമുക്കറിയാൻ കഴിയാത്ത, പുതുതായി രൂപമെടുത്ത ഒരൊറ്റ ബാക്ടീരിയ നദിയിലെ വെള്ളത്തിലേക്ക് കടന്നാൽ അവ പെറ്റ് പെരുകി മണിക്കൂറുകൾക്കുള്ളിൽ ഒരു മില്യൺ മൈക്രോ ഓർഗാനിസംസ് ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇത്തരം ഒരു ബാക്ടീരിയയാണ് ഇതിനിടെ യൂറോപ്പിൽ ഭ്രാന്തി പശുരോഗം ഉണ്ടാക്കിയത്. ഇതിനെത്തുടർന്നാണ് ബ്രിട്ടനിലുള്ള കോടിക്കണക്കിന് പശുക്കളെ മുഴുവൻ ഇല്ലായ്മ ചെയ്യേണ്ടിവന്നത്. അതുകൊണ്ട് ലോകത്ത് ഒന്നോ രണ്ടോ രാജ്യങ്ങളിൽ മാത്രമേ പശുവിന്റെ എല്ലിൽനിന്ന് ഇത്തരം കാര്യങ്ങൾ ഉണ്ടാക്കുന്നുള്ളൂ. യൂറോപ്പിലൊക്കെ പശുവിന്റെ എല്ല് സിമന്റ് ഫാക്ടറികളിലെ ഫർണ്ണസുകളിൽ ഇന്ധനമായി കത്തിക്കുകയാണ് ചെയ്യുന്നത്. ഇവിടെ കാതിക്കുടത്തെ ആൾക്കാർ പറയുന്നു, അവർക്ക് പലപല രോഗങ്ങളുമുണ്ടെന്ന്. എനിക്കുള്ള സംശയം നമ്മൾ അറിയാത്ത, ഈ നാട്ടിലൊന്നും ഇല്ലാത്ത പുതിയ പുതിയ രോഗാണുക്കൾ രൂപമെടുക്കുമോ എന്നാണ്. പുറത്തൊക്കെ ഒരു പശുവിന് രോഗം വന്നു എന്നറിഞ്ഞാൽ ഉടനെ വെറ്റിനറി ഡോക്ടർമാർ വന്ന് പരിശോധിക്കുന്നു. അതിനെ കൊന്നിട്ടും കൊന്നതിനുശേഷവും വിശദമായി പഠനം നടത്തുന്നു. ഇവിടത്തെ സ്ഥിതിയെന്താണ്? രോഗം വന്നു കഴിഞ്ഞാൽ കശാപ്പുശാലയിൽ കൊടുത്ത് കാശാക്കുകയാണ്. ഇത്തരം സാഹചര്യങ്ങളിൽ നിന്ന് ഇവിടെ എത്തിപ്പെടുന്ന എല്ലുകളിലൂടെ ഈ നാട്ടിലില്ലാത്ത ഏതെങ്കിലും രോഗാണുക്കൾ ഇവിടെ എത്തിയിട്ടുണ്ടെങ്കിൽ കാതിക്കുടംകാർ അവർക്ക് പലരോഗങ്ങളുമുണ്ടെന്ന് പറയുന്നത് സത്യമായിരിക്കും. ഘനലോഹമാണെങ്കിൽ 5 ഗ്രാം പുറത്തുവിട്ടാൽ 5 ഗ്രാം മാത്രമേ മണ്ണിലുണ്ടാകൂ.

ഇത്തരം ബാക്ടീരിയകൾ ചാലക്കുടി പുഴയിലേക്ക് എത്തിപ്പെട്ടാൽ എത്രയോ കോടിക്കണക്കിനായാണ് പെറ്റുപെരുകുക. ആ പുഴയിലെ വെള്ളം ഉപയോഗിക്കുന്ന മദ്ധ്യകേരളത്തിലെ മുഴുവൻ ജനങ്ങളേയുമാണ് ഇത് ബാധിക്കുക. ഇതിനു പുറമേയാണ് കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പൂർണ്ണമായി വിൽക്കാൻ തീരുമാനിച്ചിരിക്കുന്ന 'ജൈവവളം' എന്നു പറയുന്ന പ്രൊഡക്ട്. ഈ ഹെവിമെറ്റൽ എന്നുപറയുന്ന സാധനം ഡീഗ്രേഡ് ചെയ്യില്ല. ഇത് കീടനാശിനി പോലെയൊന്നുമല്ല. ഇത് നിങ്ങളുടെ മക്കളും മക്കളുടെ മക്കളും കൃഷി ചെയ്യുന്നിടത്തോളം അതവിടെയുണ്ടാകും. കാതിക്കുടം ഫാക്ടറിയുടെ കോമ്പൗണ്ടിൽ തന്നെ 5000 ടണ്ണോളം മാലിന്യം അഞ്ചാറടി ഉയരത്തിൽ ഇട്ട് ഉയർത്തിയിട്ടുണ്ട്. അത് അവിടെ തങ്ങി നിൽക്കുകയാണ്. മഴപെയ്യുമ്പോൾ അതൊക്കെ തൊട്ടടുത്തുള്ള കിണറുകളിൽ എത്തുകയും ചെയ്യും. ഇങ്ങനെ പലവിധത്തിലും നിയമവിരുദ്ധമായ പ്രവർത്തനങ്ങളാണ് ഈ കെമിക്കൽ കമ്പനി നടത്തിക്കൊണ്ടിരിക്കുന്നത്.

ഞാൻ കഴിഞ്ഞ കുറച്ചു ദിവസമായി ഇതിനെയൊക്കെ കുറിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. എനിക്ക് ഇതിനകം മനസ്സിലായിട്ടുള്ളത് കമ്പനിയുടെ കൂടെ പലരും ഇവിടത്തെ ശാസ്ത്രജ്ഞന്മാരും ഇവിടത്തെ ബ്യൂറോക്രസിയും എഞ്ചിനീയർമാരും പ്രൊഫസർമാരും അങ്ങനെ നാനാതുറയിൽ വരുന്ന ആൾക്കാരും രാഷ്ട്രീയക്കാരും മന്ത്രിമാരും ഉൾപ്പെടുന്ന ഒരു വൻ കലാപരിപാടിയാണ് ഇവിടെ നടക്കുന്നത്. ഈ വൻ കലാപരിപാടി ഇവിടത്തെ പത്രപ്രവർത്തകരായ നിങ്ങൾ ആണ് തുറന്നുകാണിക്കേണ്ടത്. കാതിക്കുടത്തെ വളമിട്ട പച്ചക്കറി നല്ലതാണോ അല്ലയോ എന്ന് ഉടനെ അറിയാൻ പറ്റില്ല. നിങ്ങളുടെ മകൾക്ക് കൊടുക്കുകയാണെങ്കിൽ, അവൾ ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്ന കുട്ടി മന്ദബുദ്ധിയായിരിക്കും. ഇനി അഥവാ മുലകൊടുക്കുന്ന അമ്മയാണെങ്കിൽ ആ കുട്ടിയിലേക്കും പോകും. ഈ കുട്ടികളുടെ ഇന്റലിജൻസിനെ അത് ബാധിക്കും.

ഇവിടെയിരിക്കുന്ന ഞാനും നിങ്ങളുമടക്കമുള്ള ആൾക്കാരുടെ IQ ഏതാണ്ട് 110-115 ആണ്. ഈ 110-115 IQ 85 ആകാനോ 75 ആകാനോ അധികം താമസമൊന്നും വേണ്ട. അപ്പൊ നമ്മളൊക്കെ അതിന്റെ ഭാഗമാണ്. നമ്മൾക്കറിയില്ല നമ്മൾ കഴിച്ചിട്ടുള്ള ഭക്ഷണത്തിൽ കാതിക്കുടത്തുനിന്നുള്ള ജൈവവളം ചേർത്തിട്ടുണ്ടോ ഇല്ലയോ എന്ന്.

നമുക്ക് രണ്ട് തരത്തിൽ കാതിക്കുടത്തു നടക്കുന്ന ഈ എക്സ്പിരിമെന്റിൽ പാർട്ടിസിപ്പേറ്റ് ചെയ്യാം. ഇവർ തരുന്ന ജൈവവളം ഉപയോഗിച്ച് ഇവർ പുറത്തുവിടുന്ന മലിനജലം കുടിച്ച് പാസ്സീവ് ആയിട്ട് പാർട്ടിസിപ്പേറ്റ് ചെയ്യാം. അതല്ലാതെ ആക്ടീവ് ആയിട്ടും പാർട്ടിസിപ്പേറ്റ് ചെയ്യാം. ഈ രണ്ട് ഓപ്ഷൻസ് ആണ് നമ്മുടെ മുന്നിലുള്ളത്. ഞാനുദ്ദേശിക്കുന്നത്, ഞാൻ നേരത്തേ പറഞ്ഞ ശ്യം

➪ പാട്ട പിരിവ് നടത്തിയിട്ടാണ് പത്രസമ്മേളനത്തിൽ കെട്ടിവയ്ക്കാനുള്ള 1000 രൂപ പിരിച്ചത് ➪




പത്രസമ്മേളനത്തിന്റെ തൊട്ടടുത്ത ദിവസം ഇറങ്ങിയ മാതൃഭൂമി പത്രത്തിന്റെ ഇരുവശവുമുള്ള രണ്ട് ഉപപ്രതിഷ്ഠകൾ

ഖലയുണ്ടല്ലോ. ശാസ്ത്രജ്ഞന്മാർ-ബ്യൂറോക്രസി-രാഷ്ട്രീയക്കാർ ഈ ശൃംഖലയെക്കുറിച്ച് പഠിക്കുക. നിയമവിരുദ്ധമായിട്ടുള്ളത് തടയാൻ ശ്രമിക്കുക. നിയമവിരുദ്ധമായ പണികളെ എക്സ്പോസ് ചെയ്യുക. അതിന്റെ ഡീറ്റയിൽ റിപ്പോർട്ട് ഉടനെ പുറത്തുവരുന്നതായിരിക്കും. നമ്മുടെ കുട്ടികളെ, പുഴയെ, മണ്ണിനെ, ഭക്ഷ്യശൃംഘലയെ ശാശ്വതമായി രക്ഷിക്കാൻ വേണ്ടി നമുക്ക് ഇതിൽ ആക്ടീവ് ആയി പാർട്ടിസിപ്പേറ്റ് ചെയ്യാം."

മലിനീകരണത്തെക്കുറിച്ച് വി.ടി. പദ്മനാഭൻ വിസ്തരിച്ച് പറഞ്ഞത് റിപ്പോർട്ടു ചെയ്തില്ലെന്നു വച്ച് മാതൃഭൂമി മാലിന്യങ്ങളോട് വിട്ടുവീഴ്ച ചെയ്യുമെന്ന് കരുതരുത്. തൃപ്രയാർ ക്ഷേത്രത്തിൽ, പുഴയിലേയും ആറാട്ടുമായി ബന്ധപ്പെട്ട ജലാശയങ്ങളിലെയും കോതക്കുളത്തിലേയും മലിനാവസ്ഥ ദോഷമുണ്ടാക്കുന്നതായി അഷ്ടമംഗല പ്രശ്നത്തിലെ ചിന്തയിൽ തെളിഞ്ഞതായി ചിത്രമടക്കം തൊട്ടടുത്ത ദിവസം അവർ കൊടുത്തിട്ടുണ്ട്

പത്രസമ്മേളനത്തിന്റെ പിറ്റേന്ന് ലോക്കൽ പേജിൽ അത്തള പിത്തള തവളാച്ചി, നൂറാംകോൽ, പുജ്യംവെട്ട്, കുറുക്കനും കോഴിയും, പൂപറിക്കാൻ പോരണോ, കോഴികൊക്കര തുടങ്ങിയ നാടൻ കളികളുടെ എട്ട് ചിത്രങ്ങൾ അടക്കമുള്ള റിപ്പോർട്ടോടെയാണ് മനോരമപത്രം ഇറങ്ങിയത്. അതിനിടയിലൊരിടത്തും വി.ടി. പദ്മനാഭന് ഇടമില്ലായിരുന്നു. മാതൃഭൂമിയിലും വി.ടി പറഞ്ഞ ഒരു വാചകം പോലും വന്നില്ല. പത്ര സമ്മേളനം നടക്കുന്ന ദിവസം ഇറങ്ങിയ മാതൃഭൂമി പത്രത്തിൽ അവരുടെ ഡെപ്യൂട്ടി എഡിറ്റർ എം.പി. സുരേന്ദ്രന്റേയും മനോരമയിലെ സീനിയർ റിപ്പോർട്ടർ സന്തോഷ് ജോൺ തൂവലിന്റേയും ചിത്രങ്ങൾ റിപ്പോർട്ട് സഹിതം വന്നിരുന്നു. ശതവാർഷികം ആഘോഷിക്കുന്ന, തൃശൂരിലെ സിംഹത്താന്മാരുടേയും പുലിയച്ഛന്മാരുടേയും കൂട്ടായ്മയായ ബാനർജി മെമ്മോറിയൽ ക്ലബ്ബ് ഇവർക്ക് 25000 രൂപയുടെ അവാർഡും പൊന്നാടയും മൊമെന്റോയും പ്രശസ്തിപത്രവും ജില്ലാ കളക്ടറെക്കൊണ്ട് കൊടുപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു, ഇതിൽ ഒരവാർഡ് സാമൂഹിക പ്രതിബദ്ധതയുള്ള വിഷയം അവതരിപ്പിച്ചതിനാണ് പോലും! ക്ലബിന്റെ ശതവാർഷികത്തിന്റെ ഭാഗമായി ജൂൺ 5ന് പരിസ്ഥിതി ദിനത്തിൽ സ്റ്റേജിൽ വച്ച് ഇരുമ്പ് ചട്ടിയിൽ മഹാഗണി മരത്തിന്റെ തൈനട്ടതും, കഴിഞ്ഞ മാസം നടത്തിയ ഗംഭീര ചീട്ടുകളി മത്സരവും രണ്ടു പത്രങ്ങളും പ്രതിബദ്ധതയോടെ കൊടുത്തിരുന്നു, അവാർഡ് അർഹതക്കുള്ള അംഗീകാരം തന്നെയാണ്

"ചെയറിൽ 29-ാം തിയ്യതി പത്രസമ്മേളനത്തിന് ഇരിക്കുമ്പോൾ ഞങ്ങൾ കാറ്റു കിട്ടാൻ വേണ്ടി വീശിക്കൊണ്ടിരുന്നത് അന്നത്തെ മാതൃഭൂമി പത്രമാണ്. അതിലാണ് സാമൂഹ്യ പ്രതിബദ്ധതക്കുള്ള അവാർഡ് കിട്ടിയ ഫോട്ടോയും വാർത്തയും ഉള്ളത്. പാട്ട പിരിവ് നടത്തിയിട്ടാണ് പത്രസമ്മേളനത്തിൽ കെട്ടിവയ്ക്കാനുള്ള 1000 രൂപ പിരിച്ചത്. 1000 രൂപ കെട്ടിവെച്ച് പത്രസമ്മേളനം നടത്തിയ ഞങ്ങളേയും 5 രൂപ കൊടുത്ത് പത്രം വാങ്ങിക്കുന്ന സ്വന്തം വരിക്കാരനേയും ഇവർ ഒരേ പോലെ വഞ്ചിച്ചു." പത്രസമ്മേളനത്തിൽ പങ്കെടുത്ത ഒരു സമര സമിതി പ്രവർത്തകന് രോഷം അടങ്ങുന്നില്ല. "അവരുടെ മെറ്റീരിയൽ ആണ് വാർത്തകൾ. അതവരുടെ സ്ഥലത്ത് ചെന്ന് നമ്മൾ കൊടുക്കുകയാണ്. അതും പോരാതെ നമ്മൾ ആയിരം രൂപയും കൊടുക്കണം. ഏതെങ്കിലും സ്ഥാപനമുണ്ടോ അവർക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുവുമായി വരുന്നവരിൽ നിന്ന് പണവും പിടുങ്ങുന്നതായിട്ട്? മരുന്ന് കമ്പനിയിൽ കുറുന്തോട്ടി കൊണ്ടുകൊടുത്താൽ നമുക്കല്ലേ പണം കിട്ടുക? നമ്മൾ അങ്ങോട്ട് പണവും കൊടുക്കണോ? മകൾ ദുരൂഹസാഹചര്യത്തിൽ കൊല്ലപ്പെട്ടത് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് പത്രസമ്മേളനം വിളിക്കുന്ന അമ്മയും ആയിരം രൂപ കെട്ടിവെച്ചിട്ട് വേണം സങ്കടം ബോധിപ്പിക്കാൻ. പ്രസ്ക്ലബ് പോലെ പ്രവർത്തിക്കുന്ന സ്ഥാപനം

# ഭാര്യയോടു ജയാനന്ദൻ സംസാരിച്ചു, പൊലീസിന്റെ നിർദേശപ്രകാരം

**ലെനിൻ ചന്ദ്രൻ**

തൃശൂർ ● ഭാര്യയുടെ ശബ്ദം ജയാനന്ദൻ കേട്ടു. വിശേഷങ്ങളും സങ്കടങ്ങളും പറയാൻ ഭാര്യ തിരക്കു കൂട്ടി. നിർവികാരനായി എല്ലാം അയാൾ കേട്ടു. മക്കളോട് അന്വേഷണം പറയാൻ പറഞ്ഞു ഫോൺ വച്ചു.

പുതുക്കാട് പൊലീസിന്റെ കസ്റ്റഡിയിൽ വച്ചാണു ജയാനന്ദൻ ഭാര്യയോട് ഫോണിൽ സംസാരിച്ചത്. ഡിവൈഎസ്പി സി.ആർ. സന്തോഷിന്റെ മൊബൈലിൽ നിന്നാണ് ഇയാൾ ഭാര്യയെ വിളിച്ചത്.

കേസ് അന്വേഷണത്തിന്റെ ഭാഗമായി പൊലീസ് ജയാനന്ദനോട് ഭാര്യയെ വിളിക്കാൻ നിർദേശിക്കുകയായിരുന്നു. ഭാര്യ വാർക്കപ്പണിക്കു പോകുന്ന സ്ഥലത്തെ ജോലിക്കാരൻ ജോർജിന്റെ മൊബൈലിലേക്കാണ് ഡിവൈഎസ്പി വിളിച്ചത്.

കെട്ടിടത്തിന്റെ മുകളിൽ ഇവർ വാർക്കപ്പണിയിലേർപ്പെട്ടിരുന്നതിനാൽ പത്ത് മിനിറ്റിനു ശേഷം വീണ്ടും വിളിച്ചപ്പോഴാണ് ഫോണിൽ കിട്ടിയത്.

ജയാനന്ദനും ഭാര്യയുമായുള്ള ഫോൺ സംഭാഷണത്തിന്റെ പൂർണരൂപം:

ജയാനന്ദൻ: ഹലോ

ഭാര്യ: ഹലോ...ഹലോ... ചേട്ടാ ഉറക്കെ പറയൂ. ചായ കുടിച്ചോ?

ജയാനന്ദൻ: കുടിച്ചു

ഭാര്യ: ഞാനിപ്പം പണിസ്ഥലത്താ. കുറച്ചു നാളായി പണിക്കൊന്നും പോകുന്നില്ലായിരുന്നു. ഇന്നു വീണ്ടും പോയി തുടങ്ങി. പ്രകാശൻ (ഊപ്പ പ്രകാശ്) എല്ലാക്കാര്യങ്ങളും പൊലീസിനോട് പറഞ്ഞെന്നാ തോന്നുന്നത്.

ഓരോ കാര്യങ്ങൾ അവർ ചോദിച്ചു. അവസാനം ഞാനും കേസിൽ പെടുമെന്നാ അവർ പറഞ്ഞത്. രണ്ടാമത്തെയാൾക്കായി വച്ചിരുന്ന പൈസ എടുത്തു മൂത്തയാൾക്കു കൊടുത്തു. അവൾ പഠിക്കാൻ മിടുക്കിയാ. ഇനിയും കുറച്ചു പണം കൂടി വേണം. അഞ്ച് വർഷമാണ് അവൾക്കു പഠിക്കേണ്ടത്. (എൽഎൽബിക്കു പഠിക്കുകയാണ് മൂത്തമകൾ).

ചേട്ടൻ ഇപ്പോൾ എവിടന്നാ വിളിക്കുന്നത്?

ജയാനന്ദൻ: പുതുക്കാട് പൊലീസ് സ്റ്റേഷനിൽ നിന്ന്. അവിടത്തെ ഒരു സാർ ഉണ്ട്. സാറിന്റെ മൊബൈലിൽ നിന്നാ വിളിക്കുന്നത്.

ഭാര്യ: ഞാൻ ഇന്നു രാവിലെയാ അറസ്റ്റിലായത് അറിയുന്നെ... എന്തു പറ്റിയതാ ചേട്ടാ...ഹലോ...ഹലോ.... ചേട്ടൻ എന്താ ഒന്നും പറയാത്തത്.

ജയാനന്ദൻ മക്കളോട് ഞാൻ അന്വേഷിച്ചതായി പറയണം.

മറുതലയ്ക്കൽ നിന്ന് ഭാര്യയുടെ ഹലോ വിളി...ഫോൺ കട്ട് ചെയ്തു.

---

ലോകത്ത് വേറെ കാണില്ല." അദ്ദേഹം തലയിൽ കൈവച്ചുപറഞ്ഞു. ശവം കത്തിക്കുന്ന ഇലക്ട്രിക് ക്രിമറ്റോറിയത്തിലും, എന്തിന് ഭാരതപ്പുഴയുടെ തീരത്തുള്ള ശ്മശാനങ്ങളിലും വരെ മെറ്റീരിയലും പണവും അങ്ങോട്ട് കൊടുക്കണമെന്ന കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്ന് തോന്നുന്നു.

മലിനീകരണത്തെക്കുറിച്ച് വി.ടി. പദ്മനാഭൻ വിസ്തരിച്ച് പറഞ്ഞത് റിപ്പോർട്ടു ചെയ്തില്ലെന്നു വച്ച് മാതൃഭൂമി മാലിന്യങ്ങളോട് വിട്ടുവീഴ്ച ചെയ്യുമെന്ന് കരുതരുത്. തൃപ്രയാർ ക്ഷേത്രത്തിൽ, പുഴയിലേയും ആറാട്ടുമായി ബന്ധപ്പെട്ട ജലാശയങ്ങളിലെയും കോതക്കുളത്തിലേയും മലിനാവസ്ഥ ദോഷമുണ്ടാക്കുന്നതായി അഷ്ടമംഗല പ്രശ്നത്തിലെ ചിന്തയിൽ തെളിഞ്ഞതായി ചിത്രമടക്കം തൊട്ടടുത്ത ദിവസം അവർ കൊടുത്തിട്ടുണ്ട്. കളഭത്തിൽ ഉപയോഗിക്കുന്ന ചന്ദനത്തിന്റെ ഗുണമില്ലായ്മ, ചോതി നക്ഷത്രത്തിന്റെ പ്രാധാന്യം ലംഘിക്കുന്നത്, വൈഷ്ണവ സാന്നിദ്ധ്യത്തിന്റെ നാശം, ദേവന് കൊടുക്കുന്ന നിവേദ്യത്തിലെ അശുദ്ധി തുടങ്ങി പ്രശ്ന ചിന്തയിൽ തെളിഞ്ഞ ജീവൽപ്രശ്നങ്ങൾ മുഴുവനും അന്നന്നു തന്നെ വിസ്തരിച്ചു കൊടുക്കുന്നുണ്ട്. കല്ലേറ്റുംകര പദ്മനാഭശർമ്മയുടെ നേതൃത്വത്തിലാണ് ക്ഷേത്രത്തിൽ നാലഞ്ചു ദിവസമായി പ്രശ്നം നടക്കുന്നത്. കാതിക്കുടത്തെ മാലിന്യത്തോട് എതിർപ്പുണ്ടായിട്ടല്ല അത് ശാസ്ത്രീയമായി പറയാത്തതുകൊണ്ടാണ് പത്രത്തിൽ കൊടുക്കേണ്ടെന്നു വെച്ചത്. കല്ലേറ്റുംകര പദ്മനാഭനോളം വരില്ല കാതിക്കുടം പദ്മനാഭൻ. ഇന്ത്യൻ റെയർ എർത്ത്സ്, കൂടംകുളം ആണവ നിലയം, ജേതാപൂർ ആണവനിലയം തുടങ്ങി നിരവധി വിഷയങ്ങളിൽ വി.ടി. പദ്മനാഭൻ പഠനം നടത്തിയിരിക്കാം. European Committee for Radiation Riskന്റെ India Desk ൽ അംഗമാണ് പത്മനാഭൻ എന്നും അറിയാം. International Journal on Health Services, Journal of American Medical Association, The Lancet, Current Science തുടങ്ങിയിട്ടുള്ള ശാസ്ത്ര ജേർണലുകളിൽ നിരവധി ഗൗരവമായ പഠനങ്ങൾ പ്രസിദ്ധീകരിച്ചുകാണും. ഒക്കെ ശരി തന്നെ. പക്ഷേ, പ്രശ്നത്തിലും ചിന്തയിലും അത്ര പ്രാവീണ്യം പോരാ..

പത്രപ്രവർത്തനത്തന ചരിത്രത്തിലെ ജ്വലിക്കുന്ന അധ്യായം തന്നെ എഴുതിച്ചേർത്തു ദീപിക ദിനപത്രം. പിറ്റേന്ന് അഞ്ച് കോളം വാർത്തയാണ് അവർ കൊടുത്തത്. സമരാനുകൂലികൾ പൈപ്പ് തകർത്ത് കോൺക്രീറ്റ് ഇട്ട് അടച്ചതുകൊണ്ട് കമ്പനി പ്രവർത്തിക്കാൻ ബുദ്ധിമുട്ടുന്നു എന്ന സങ്കടമാണ് അതിൽ നിറയുന്നത്. ചാലക്കുടിപ്പുഴയിലെ മത്സ്യങ്ങൾ ചത്തുപൊന്തിയതിനെക്കുറിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് കമ്പനി ഹൈക്കോടതിയിൽ കൊടുത്ത ഹർജിയെപ്പറ്റി റിപ്പോർട്ടിൽ കൊടുക്കുക മാത്രമല്ല, അടുത്തദിവസം തന്നെ വിധിയുണ്ടാകുമെന്ന് ആശിക്കുന്നുമുണ്ട് ലേഖകൻ. കമ്പനിയുടെ പരിസരത്തെ സ്ഫോടക രാസവസ്തു സംഭരണശാലയിലെ ജീവനക്കാരന്റെ വീടിന്റെ ഒരുഭാഗം സ്

⇨ ഇത് അതിശയോക്തിയാണെന്ന് കരുതുന്നവർ സെപ്തംബർ 11ലെ മനോരമയുടെ രണ്ടാം പേജ് കാണുക ⇨

ഫോടനത്തിൽ തകർന്നെന്നും അവിടെനിന്നും ഒഴുകിയ രാസവസ്തുക്കൾ പുഴയിൽ കലർന്നതാണ് മത്സ്യങ്ങൾ ചാകാൻ കാരണമെന്നുമാണ് അദ്ദേഹത്തിന്റെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിൽ പറയുന്നത്. കമ്പനിയിൽ നിന്നും കിട്ടിയ ജൈവം തന്നത്താൻ വിഴുങ്ങാതെ ഒരല്പം വാർത്തയിലും വിതറാമായിരുന്നു. എങ്കിൽ, നട്ടാൽ കുരുക്കാത്ത ഈ നുണ ഒരു ദിവസമെങ്കിലും വാടാതെ നിൽക്കുമായിരുന്നു. ക്രിസ്തു പച്ചവെള്ളം വീഞ്ഞാക്കി മാറ്റി. അനുയായികൾക്ക് മാലിന്യക്കുഴമ്പ് ഐസ്ക്രീമാക്കി മാറ്റാതിരിക്കാനാകുമോ? പാപത്തിന്റെ ശമ്പളം മരണമാണെന്ന് ഏത് മതിലിലാണ് കണ്ടത്?

പേരിൽ തന്നെ സാമൂഹികപ്രതിബദ്ധത വിളിച്ചോതുന്നവയായിരുന്നു 1890ൽ മലയാള മനോരമ ആരംഭിക്കുമ്പോൾ കേരളത്തിൽ നിലവിലുണ്ടായിരുന്ന പത്രങ്ങൾ. കേരളം (1886), ട്രാവൻകൂർ ഹെറാൾഡ് (1867), കേരളോപകാരി (1874), മലയാളമിത്രം (1878), തിരുവിതാംകൂർ അഭിമാനി (1878), കേരള ദീപകം (1878), കേരള ചന്ദ്രിക(1879), കേരളമിത്രം (1881), കേരളപത്രിക (1884) എന്നിങ്ങനെയുള്ള പത്രങ്ങളെല്ലാം നാമാവശേഷമായി. മലയാള മനസ്സിനെ രമിപ്പിച്ചുകൊണ്ട് 1890ൽ തുടങ്ങിയ മലയാള മനോരമ നിലനിന്നു. ജനകീയപ്രശ്നങ്ങൾ അവഗണിച്ചുകൊണ്ട്, അത്തള പിത്തള തവളാച്ചി കളിച്ച്, കോപ്പികളുടെ എണ്ണത്തിലുള്ള ഒന്നാംസ്ഥാനം ഇപ്പോഴും നിലനിർത്തുന്നു. 'പേരുകേട്ടാൽ മതി ഗുണനിലവാരമടക്കം' എന്ന പരസ്യവാചകം മലയാള മനോരമയ്ക്ക് സ്വന്തം. കാതിക്കുടം വിഷയത്തിലെ പത്രസമ്മേളനം മുക്കിയെങ്കിലും, ജയിൽചാടിയ കൊല ക്കേസ് പ്രതി റിപ്പർ ജയാനന്ദൻ പോലീസ് പിടിയിലായതിന് ശേഷം പോലീസ് സ്റ്റേഷനിലിരുന്ന് ഭാര്യക്ക് ഫോൺ ചെയ്തത് ഒരക്ഷരം വിടാതെ മനോരമ പ്രസിദ്ധീകരിച്ചു. "ചേട്ടാ, ചായകുടിച്ചോ" എന്ന് തുടങ്ങുന്ന ആ സംഭാഷണം അച്ചടിച്ചതിന് മുകളിൽ ഒരു ചെറിയ തലക്കെട്ടുമുണ്ട്, 'ജയാനന്ദനും ഭാര്യയുമായുള്ള ഫോൺ സംഭാഷണത്തിന്റെ പൂർണ്ണരൂപം' എന്ന്. ഇത് അതിശയോക്തിയാണെന്ന് കരുതുന്നവർ സെപ്തംബർ 11ലെ മനോരമയുടെ രണ്ടാം പേജ് കാണുക. കമ്പനിയുടെ നോട്ടീസ് പോലെയിറങ്ങുന്ന ഇടതുപക്ഷ ജിഹ്വയിൽ വി.ടി. പദ്മനാഭന്റെ വെളിപ്പെടുത്തൽ വരുമെന്ന് സ്വപ്നത്തിൽ പ്പോലും വിചാരിക്കാത്തതുകൊണ്ടായിരിക്കാം ഒരാൾ പോലും പരാതി പറഞ്ഞ് കേട്ടില്ല.

ഇന്നേക്ക് 131 കൊല്ലം മുൻപ് 1882ൽ 'ജനശത്രു' (An Enemy of the People) എന്നൊരു നാടകം ഇബ്സെൻ എഴുതിയിട്ടുണ്ട്. അത് ഇപ്പോൾ ഒന്ന് വായിച്ചു നോക്കുന്നത് നന്നായിരിക്കും. സത്യജിത്റേയുടെ 'ഗണശത്രു' എന്ന സിനിമ കണ്ടാലും മതി. നഗരത്തിലുള്ളവർക്കെല്ലാം രോഗം വരുന്നതിന്റെ കാരണം, മൃഗങ്ങളുടെ തുകൽ ഊറക്കിടുന്ന പണിശാലയിൽ നിന്നും മാലിന്യങ്ങൾ പൈപ്പിനുള്ളിലൂടെ പുറംതള്ളി സ്നാനഘട്ടത്തെ വിഷലിപ്തമാക്കുന്നതുകൊണ്ടാണെന്ന് കണ്ടെത്തുന്ന സ്റ്റോക്ക്മാൻ എന്ന ഡോക്ടറുടെ കഥയാണത്. ഡോക്ടർ, മൂലകാരണത്തിനെതിരെയുള്ള പോരാട്ടത്തിൽ വികസനവിരോധിയെന്ന പേരിൽ ഒറ്റപ്പെട്ടുപൊകുന്നു. വ്യവസായികളും ഭരണാധികാരികളും ഉദ്യോഗസ്ഥരുമൊക്കെ ഡോക്ടർക്ക് എതിരാകുന്നു. ഡോക്ടർ ഒരിടത്ത് പറയുന്നു. "അവർ എന്റെ മുഖത്ത് തുപ്പുന്നു. ജനശത്രു എന്ന് വിളിക്കുന്നു. ജനാല അടിച്ചു തകർക്കുന്നു. വീടിനു കല്ലെറിയുന്നു. എന്റെ ഉടുപ്പൊക്കെ വലിച്ചു കീറുന്നു".

വർഷത്തിൽ നാൽപ്പത് ശതമാനം വരെ വർദ്ധന ഏർപ്പെടുത്താൻ ടോൾ കമ്പനിക്ക് അംഗീകാരം കൊടുക്കുന്ന മന്ത്രിസഭ, ഇന്ധനത്തിന് മാസം തോറും നിശ്ചിതസംഖ്യ വർദ്ധിപ്പിക്കാൻ ഓയിൽ കമ്പനിക്ക് അനുമതി കൊടുക്കുന്ന ഭരണാധികാരികൾ, മാലിന്യപ്ലാന്റ് ഉണ്ടാക്കാൻ തയ്യാറാകാതെ പ്രവർത്തിപ്പിക്കുന്ന വ്യവസായശാലകളിൽ നിന്നും പൊട്ടാസ്യം സയനൈഡ് പോലെയുള്ള വിഷവസ്തുക്കൾ തങ്ങളുടെ കിണറുകളിലേക്ക് ഉറവായെത്തുന്നു എന്ന് പരാതിപ്പെടുന്ന എടക്കുന്നിയിലെ പൗരസമിതി പ്രവർത്തകരോട്, 'എങ്കിൽ 15 രൂപ കൊടുത്ത് കുപ്പിവെള്ളം വാങ്ങിക്കുടിച്ചോ, വ്യവസായം നിർത്താൻ പറ്റില്ല' എന്ന് ആക്രോശിക്കുന്ന സി.എൻ. ബാലകൃഷ്ണനെപ്പോലെയുള്ള മന്ത്രിമാർ - ഇവരൊക്കെ ഇങ്ങനെ പെരുമാറുന്നതിന് ഒരു കാരണമുണ്ട്. അഞ്ച് കൊല്ലം കൂടുമ്പോൾ നമ്മൾ ചെയ്യുന്ന ഒരു തെറ്റാണ് അതിന് കാരണം. ദിവസേന അഞ്ച് രൂപകൊടുത്ത് നമ്മൾ വാങ്ങുന്ന പത്രം നമ്മളെ ചതിച്ച് ജനശത്രുക്കളുടെ മുന്നിൽ വാലാട്ടി നിൽക്കുന്നതിന് എന്താണ് ന്യായം? അതുവാങ്ങണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം നമുക്കുണ്ട് എന്നിരിക്കെ...

**വാൽകഷ്ണം**: കുരക്കാത്ത നായയേയും നിശ്ചലമായ വെള്ളത്തേയും കരുതിയിരിക്കുക - റഷ്യൻ പഴമൊഴി. ■